"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - ജീവനക്കാര്യം - ബേപ്പൂർ ഗ്രാമപഞ്ചായത്തിൽ (നിലവിൽ കോഴിക്കോട് കോർപ്പറേഷനോട് കൂട്ടി ചേർത്തു) പ്യൂൺ തസ്തികയിൽ സേവനമനുഷ്ഠിച്ചിരുന്ന ശ്രീ. പി. ജ്യോതി സർവീസിൽ നിന്ന് വിട്ട് നിന്ന 16.10.2009 മുതൽ 22.04.2015 വരെയുള്ള കാലയളവ് ശൂന്യവേതനാവധിയായി ക്രമീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്**

**സ.ഉ.(സാധാ) നം.403/2021/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 13/02/2021

---

പരാമർശം:- പഞ്ചായത്ത് ഡയറക്ടറുടെ 06.09.2019, 25.08.2020 തീയതികളിലെ PAN/22190/2018-E10(DP) നമ്പർ കത്തുകൾ.

**ഉത്തരവ്**

ബേപ്പൂർ ഗ്രാമപഞ്ചായത്തിൽ (നിലവിൽ കോഴിക്കോട് കോർപ്പറേഷനോട് കൂട്ടി ചേർത്തു) പ്യൂൺ തസ്തികയിൽ സേവനമനുഷ്ഠിച്ചിരുന്ന ശ്രീ. പി. ജ്യോതിയുടെ 16.10.2009 മുതൽ 22.04.2015 വരെയുള്ള അനധികൃതഹാജരില്ലായ്മ കാലയളവ് ക്രമവൽക്കരിക്കുന്നതിനായി പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ റിപ്പോർട്ടും സേവന പുസ്തകവും അനുബന്ധ രേഖകളും പരാമർശം കത്ത് പ്രകാരം പഞ്ചായത്ത് ഡയറക്ടർ സർ ക്കാരിൽ സമർപ്പിച്ചു. പ്രസ്തുത റിപ്പോർട്ട് പ്രകാരം ശ്രീ. പി. ജ്യോതി 06.03.1981 ന് പഞ്ചായത്ത് വകുപ്പിൽ പ്യൂൺ തസ്തികയിൽ ജോലിയിൽ പ്രവേശിച്ചു. പ്യൂൺ തസ്തികയിൽ ജോലി ചെയ്തു കൊണ്ടിരിക്കെ കോഴിക്കോട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ എ1-06/06 തീയതി 06.10.2009 ഉത്തരവ് പ്രകാരം ടിയാനെ ചെറുവണ്ണൂർ നല്ലളം ഗ്രാമപഞ്ചായത്തിലേക്ക് സ്ഥലംമാറ്റി നിയമിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ 15.10.2009 അപരാഹ്നത്തിൽ ടിയാനെ ടി പഞ്ചായത്തിൽ നിന്ന് വിടുതൽ ചെയ്തുവെന്നും 05.08.2009 മുതൽ 15.10.2009 വരെ ടിയാൻ ഓഫീസിൽ ഹാജരായിട്ടില്ലെന്നും കോഴിക്കോട് കോർപ്പറേഷൻ സെക്രട്ടറി അറിയിച്ചു. എന്നാൽ 04.08.2009 മുതൽ 15.10.2009 വരെ ടിയാൻ ആർജിതാവധിയിലായിരുന്നുവെന്ന് ടിയാന്റെ സേവന പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ചെറുവണ്ണൂർ നല്ലളം ഗ്രാമപഞ്ചായത്തിൽ ടിയാൻ ജോലിയിൽ പ്രവേശിച്ചില്ല. ടിയാന്റെ സ്ഥലമാറ്റ ഉത്തരവ് 24.10.2009 ന് ഭേദഗതി വരുത്തുകയും കോഴിക്കോട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ എ1-06/06 തീയതി 24.10.2009 ഉത്തരവ് പ്രകാരം ശ്രീ. പി. ജ്യോതിയെ നരിപ്പറ്റ ഗ്രാമപഞ്ചായത്തിലേക്ക് സ്ഥലംമാറ്റി നിയമിച്ചിരുന്നുവെങ്കിലും നരിപ്പറ്റ ഗ്രാമപഞ്ചായത്തിലും ടിയാൻ ജോലിയിൽ പ്രവേശിച്ചില്ല. അനധികൃതഹാജരില്ലായ്മയിൽ തുടരവെ ടിയാൻ 22.04.2015 ന് മരണപ്പെടുകയും ചെയ്തു.

അനധികൃത ഹാജരില്ലായ്മകാലയളവിൽ ശ്രീ. പി. ജ്യോതിക്കെതിരെ അച്ചടക്കനടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ ടിയാൻ മരണപ്പെട്ട സാഹചര്യത്തിൽ അത് ഉചിതമായി തീർപ്പാക്കി ബന്ധപ്പെട്ട ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാൻ നിർദേശിച്ചിരുന്നതിന്റെ അടിസ്ഥാനത്തിൽ ശ്രീ. പി. ജ്യോതിയുടെ അനധികൃതഹാജരില്ലായ്മ കാലയളവിൽ ടിയാനെതിരെ അച്ചടക്ക നടപടികളൊന്നും സ്വീകരിച്ചിട്ടില്ലെന്ന് പരാമർശം പ്രകാരം പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

സർക്കാർ ഇക്കാര്യം പരിശോധിച്ചു. ബേപ്പൂർ ഗ്രാമപഞ്ചായത്തിൽ (നിലവിൽ കോഴിക്കോട് കോർപ്പറേഷനോട് കൂട്ടി ചേർത്തു) പ്യൂൺ തസ്തികയിൽ സേവനമനുഷ്ഠിച്ചിരുന്ന ശ്രീ. പി. ജ്യോതിയുടെ

സേവനപുസ്തകത്തിൽ 04.08.2009 മുതൽ 15.10.2009 വരെയുള്ള കാലയളവ് ആർജിതാവധി എന്ന് രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തിയിട്ടുള്ളതിനാൽ ടി കാലയളവ് ശമ്പളം ഉൾപ്പടെയുള്ള സർവീസ് ആനുകൂല്യങ്ങൾക്ക് പരിഗണിക്കാവുന്നതാണെന്നും ശ്രീ. പി. ജ്യോതി സർവീസിൽ നിന്ന് വിട്ട് നിന്ന 16.10.2009 മുതൽ 22.04.2015 വരെയുള്ള കാലയളവ് ഇൻക്രിമെന്റ്, ഹയർഗ്രേഡ്, പെൻഷൻ, ആർജ്ജിതാവധി എന്നീ സേവനാനുകൂല്യങ്ങൾക്ക് പരിഗണിക്കുകയില്ല എന്ന വ്യവസ്ഥയിൽ കെ. എസ്. ആർ, ഭാഗം 1 , ചട്ടം 88 (iii) പ്രകാരം ശൂന്യവേതനാവധിയായി ക്രമീകരിച്ച് കൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ലീന എ**

**ഡെപ്യൂട്ടിസെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട് ജില്ല.

സെക്രട്ടറി, കോഴിക്കോട് കോർപ്പറേഷൻ

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരള, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം (തദ്ദേശസ്വയംഭരണവകുപ്പിന്റെ വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്).

ഐ&പിആർഡി (വെബ് & ന്യൂ മീഡിയ)

ഓഫീസ് പകർപ്പ് (ഫയൽ നം. LSGD-EPA2/210/2018-LSGD)/ കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ